▶ എസ് ഉഷ

ഒരു കാര്യം ഉറപ്പാണ്. ഭൂമിയിൽ മുമ്പത്തേക്കാളും ഇപ്പോൾ കൂടുതൽ കൃഷി ചെയ്യുകയും അത് വികസിക്കുകയും ചെയ്തിരിക്കുന്നു. പലതരത്തിലുള്ള കൃഷികളാണ് നമുക്ക് ഇപ്പോൾ ഉള്ളത്. എന്നാൽ ജലാശയങ്ങളും ചതുപ്പുകളും വരണ്ടുണങ്ങിയ കാഴ്ചയാണ് കാണാൻ കഴിയുന്നത്. നാം നമ്മുടെ ഗ്രഹത്തിന് ഒരു ഭാരമായി മാറുന്നതായി വിദഗ്ധർ തന്നെ അഭിപ്രായപ്പെടുന്നു. വിഭവങ്ങൾ ദുർലഭമായിക്കൊണ്ടിരിക്കുന്നു. താമസിയാതെ പ്രകൃതിക്ക് നമ്മുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ കഴിയാതെ വരാം. ഈയൊരു സാഹചര്യത്തിലാണ് പരിസ്ഥിതി പുന: സ്ഥാപനത്തെക്കുറിച്ചും പ്രകൃതി സംരക്ഷണത്തെക്കുറിച്ചും കൃഷിയും പ്രകൃതി

കൃഷി നിലനിൽക്കാൻ പരിക്ക് പറ്റാത്ത ഒരു പ്രകൃതി ചുറ്റും ഉണ്ടാവണം. നമ്മുടെ ഇടപെടൽ മൂലം പ്രകൃതിക്കുണ്ടാകുന്ന നഷ്ടങ്ങൾ തിരിച്ചറിയാനും തിരുത്താനും നമുക്ക് കഴിയണം. പ്രകൃതിയെ നിരീക്ഷിക്കുന്ന പ്രകൃതിയോട് പ്രവർത്തിക്കുന്ന കർഷകർ ഉണ്ടാവണം. ഈ കർഷകരുടെ നിലനിൽപ്പ് സമൂഹത്തിന് ഉറപ്പാക്കാൻ കഴിയണം. പ്രകൃതിക്ക് അനുസൃതമായ കൃഷി എന്നാൽ അറിവ് വളർത്തുന്ന കൃഷി എന്നുമാണ്.

# കൃഷിയും പ്രകൃതിയും

ഫോട്ടോ: ദ്വാരകനാഥൻ സി



യും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുമൊക്കെയുള്ള ആഴത്തിലുള്ള പഠനങ്ങളും ചർച്ചകളും നടക്കുന്നത്.

കുറച്ചുകാലം മുൻപുവരെയും കാർഷിക മുറകൾ നമ്മുടെ കയ്യിൽ തന്നെയുള്ള, കർഷകന്റെ കയ്യിലുള്ള വിഭവങ്ങളെയും ജൈവവസ്തുക്കളുടെ പുനരുപയോഗത്തെയും തദ്ദേശ ഭൂപ്രകൃതിയെയും കാലാവസ്ഥയെയും ആശ്രയിച്ചായിരുന്നു. സ്ഥിരമായതും മിതമായതുമായ വിളവ് കർഷകന് ഈ രീതിയിലൂടെ ലഭിച്ചിരുന്നു. കീടബാധയ്ക്കോ പ്രതികൂല കാലാവസ്ഥയ്ക്കോ എതിരായ ഇൻഷുറൻസ് എന്ന നിലയിൽ ഒരു വയലിൽ ഒന്നിലധികം വിളകളോ ഇനങ്ങളോ വളർത്തി ഉത്പാദനം സംരക്ഷിക്കപ്പെട്ടു. പയർ വിളകൾ ഇടവിട്ട് കൃഷി ചെയ്യുന്നതിലൂടെ ഏറ്റവും പ്രധാനപ്പെട്ട സസ്യപോഷകങ്ങളായ നൈട്രജൻ, നേടിയെടുത്തു. പലതരത്തിലുള്ള വിളകളുടെ മാറിമാറിയുള്ള കൃഷി കീടങ്ങളെയും കളകളെയും നിയന്ത്രിക്കാനും കർഷകനെ സഹായിച്ചു. ഇത്തരത്തിൽ കൃഷി പ്രകൃതിയോട് ഏറ്റവും ഇണങ്ങിച്ചേർന്ന രീതിയിലാണ് വളർന്നുവന്നത്. പരിസ്ഥിതിക്കുണ്ടാകുന്ന നാശം ഈ കാർഷിക രീതിയിൽ കുറവായിരുന്നു.

എങ്കിലും ജനസംഖ്യാവർദ്ധനവും വ്യവസായവൽക്കരണവും തൽഫലമായി ഉയർന്നുവന്ന ആവശ്യങ്ങളും പ്രകൃതിയുമായി ഒരു യുദ്ധത്തിൽ ഏർപ്പെടുന്ന തരത്തിലുള്ള ഒരു കാർഷിക രീതിയിലേക്ക് മനുഷ്യനെ നയിച്ചു. വർദ്ധിച്ചു വരുന്ന ജനസംഖ്യയ്ക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ യന്ത്രങ്ങൾ, വലിയ അളവിലുള്ള ഇന്ധനങ്ങൾ, കീടനാശിനികൾ, കളനാശിനികൾ, രാസവളങ്ങൾ എന്നിവ ഉപയോഗിക്കേണ്ടിവന്നു. ഒരു പരിധിവരെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ ഇതു നമ്മെ സഹായിച്ചു. എന്നാൽ ഈ സുരക്ഷ ശാശ്വതമല്ല എന്ന തിരിച്ചറിവിലേക്കാണ് ശാസ്ത്രലോകവും കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവരും ഇപ്പോൾ എത്തിയിരിക്കുന്നത്. ഇതിനുള്ള പ്രധാന കാരണം ഈ കാർഷിക മാറ്റങ്ങൾ പ്രകൃതിയും കൃഷിയും തമ്മിലുള്ള ബന്ധത്തിൽ, അതിന്റെ തുടർച്ചയിൽ ഭീക്ഷണികൾ ഉയർത്താൻ തുടങ്ങി എന്നതാണ്. നിയന്ത്രണമില്ലാത്ത വ്യവസായവൽക്കരണവും ഇതിന് ആക്കം കൂട്ടിയിട്ടുണ്ട്. ജലമലിനീകരണവും മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുന്നതും കാർഷികോത്പാദനത്തിന് വലിയൊരു വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. മറ്റൊരു വസ്തുത മാറിയ കാർഷിക രീതികളും പരിസ്ഥിതിയിൽ മോശമായ മാറ്റങ്ങൾക്ക് ഇട വരുത്തുന്നുണ്ട് എന്നതാണ്. ആഗോള മലിനീകരണവുമായി ബന്ധപ്പെട്ട് കുറ്റവാളിയും ഇരയുമാണ് ആധുനിക കൃഷി. കാർഷിക പരിസ്ഥിതിയിലുള്ള കീടങ്ങൾ, കളകൾ, രോഗങ്ങൾ എന്നിവയെ അമർച്ച ചെയ്യുന്നതിൽ ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം ഇന്ന് ഏറെ തിരിച്ചറിയപ്പെടുന്നുണ്ട്. ഇത്തരം അറിവ് കൃഷി നിലനിർത്താൻ സഹായകമാകും എന്ന് തിരിച്ചറിയേണ്ടതുണ്ട്. വിളകളുടെ വൈവിധ്യവും അടി മണ്ണിലെ ജൈവവൈവിധ്യവും കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന കീടരോഗബാധകളിൽ നിന്ന് കർഷകനെ സംരക്ഷിക്കുമെന്നും ആധുനിക പാരിസ്ഥിതിക കാർഷിക വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു.

പാരിസ്ഥിതിക ശാസ്ത്രത്തിൽ ഏകവിള കൃഷിക്ക് നിരവധി ദോഷങ്ങളുണ്ട്. കാരണം ഈ കൃഷിക്ക് വേണ്ട വിഭവങ്ങളെല്ലാം പുറത്തുനിന്ന് കൊണ്ടുവരികയും പുനരുപയോഗം സാധ്യമല്ലാത്തതിനാൽ ഇവിടെ ഉണ്ടാവുന്ന കാർഷിക മാലിന്യങ്ങൾ കർഷകർക്ക് വലിയ ബാധ്യതയായി മാറുകയും ചെയ്യുന്നു. ഇതിന് നല്ലൊരു ഉദാഹരണമാണ് പഞ്ചാബിലെ നെൽകൃഷി. കൊയ്ത്തു കഴിഞ്ഞ ഉടൻ തന്നെ വയലിൽ ബാക്കിയാകുന്ന വൈക്കോൽ മുഴുവൻ കത്തിക്കുന്നത് വൻതോതിലുള്ള വായു മലിനീകരണത്തിന് ഇടയാക്കുകയും മണ്ണിലേക്കു ചേരേണ്ട വളങ്ങൾ കത്തി നശിക്കുകയുമാണ് ചെയ്യുന്നത്. കീടങ്ങൾ വലിയ ശല്യക്കാരായി മാറുന്നതും ഏകവിള കൃഷിയിലാണ്. ഒരുവിഭാഗം കീടങ്ങൾക്ക് അധിക ഭക്ഷണം നൽകാൻ കഴിയുന്നത് കൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഇത് സ്വാഭാവിക കീടനിയന്ത്രണം കൂടുതൽ ബുദ്ധിമുട്ടുള്ളതാക്കുകയും കർഷകർ രാസകീടനാശിനികളെ ആശ്രയിക്കാൻ ഇടയാക്കുകയും ചെയ്യുന്നു. അതിനാൽ അഗ്രോ ഇക്കോളജി എന്ന ആധുനിക ശാസ്ത്രീയ ജൈവകൃഷി സമ്പ്രദായത്തിൽ ജൈവവൈവിധ്യത്തിന് ഏറെ ഊന്നൽ കൊടുക്കുന്നുണ്ട്.

കൃഷി നിലനിന്നാലേ നമുക്ക് ഭക്ഷ്യസുരക്ഷ നിലനിർത്താൻ കഴിയു. ഇറക്കുമതി ആശ്രയിച്ചുള്ള ഭക്ഷ്യ സുരക്ഷ പദ്ധതികൾ ശാശ്വതമല്ല എന്ന് റഷ്യ ഉക്രൈൻ യുദ്ധം നമ്മളെ വീണ്ടും ഓർമ്മപ്പെടുത്തുന്നു. അവിടെ നിന്ന് ഗോതമ്പ് ഇറക്കുമതി ചെയ്തിരുന്ന രാജ്യങ്ങൾ ആശങ്കയിലാണ്. ഇതിനു പകരമായി ഇന്ത്യയിൽനിന്നുള്ള ഗോതമ്പ് കയറ്റുമതി കൂടുന്നു. ഇത് ഇന്ത്യയ്ക്കകത്ത് ഗോതമ്പിന്റെ കുറവിന് കാരണമായേക്കാം. കേരളത്തിലേക്ക് ഗോതമ്പിനു പകരം അരി തരാമെന്നാണ് ഇപ്പോൾ കേന്ദ്ര സർക്കാർ പറയുന്നത്.

കൃഷി നിലനിൽക്കാൻ പരിക്ക് പറ്റാത്ത ഒരു പ്രകൃതി ഉണ്ടാവണം. നമ്മുടെ ഇടപെടൽ മൂലം പ്രകൃതിക്കുണ്ടാകുന്ന നഷ്ടങ്ങൾ തിരിച്ചറിയാനും തിരുത്താനും നമുക്ക് കഴിയണം. പ്രകൃതിയെ നിരീക്ഷിക്കുന്ന പ്രകൃതിയോട് ഒത്തുപ്രവർത്തിക്കുന്ന കർഷകർ ഉണ്ടാവണം. ഈ കർഷകരുടെ നിലനിൽപ്പ് സമൂഹത്തിന് ഉറപ്പാക്കാൻ കഴിയണം. പ്രകൃതിക്ക് അനുസൃതമായ കൃഷിയെന്നാൽ അറിവ് വളർത്തുന്ന കൃഷി എന്നുമാണ്.

മനുഷ്യർ പട്ടിണി കിടക്കുന്ന ലോകത്ത് സമാധാനം ഉണ്ടാകില്ല. മനുഷ്യർ തമ്മിൽ തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലും സൗഹൃദം വളർത്തുന്ന, പരസ്പരം പങ്കിടുന്ന, പട്ടിണി ഇല്ലാത്ത, ദാരിദ്ര്യം ഇല്ലാത്ത ഒരു ലോകം ഉണ്ടാക്കിയെടുക്കുന്നതാണ് യഥാർത്ഥ വികസനം. അതിനാൽ ഈ നൂറ്റാണ്ടിലെ കാർഷിക മാറ്റം പ്രകൃതിയോടൊപ്പമുള്ള മനുഷ്യന്റെ നിലനിൽപ്പ് ഉറപ്പാക്കുന്നതാകണം.

***ദയാകർ, തണൽ,***
***സ്റ്റിയറിങ് കമ്മിറ്റി മെമ്പർ***
***Alliance for Sustainable and Holistic Agriculture (ASHA)***
***ഫോൺ: 9567157197.***